# നാളികേര വിപണിയിൽ അസന്തുലിതാവസ്ഥ: മാർക്കറ്റ് ഇന്റലിജൻസ് സെന്റർ

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ 2010 ഒക്ടോബറിൽ പുറത്തിറക്കിയ നാളികേര വിപണി അവലോകന റിപ്പോർട്ടിൽ നാളികേര ഉത്പാദനത്തിൽ 15–20 ശതമാനം വരെ കുറവിനെ സൂച്ചിപ്പിച്ചീരുന്നു. കൃഷിസ്ഥലത്തുണ്ടായ വ്യാപകമായ കുറവും, കാലാവസ്ഥ വ്യതിയാനം മൂലം ഉത്പാദനക്ഷമതയിലുണ്ടായ ഏറ്റകുറച്ചിലും മൂലം ഉത്പാദനത്തിൽ മേല്പറഞ്ഞതിലും കുറവിനു സാദ്ധ്യതയുണ്ടെന്നാണ് സെന്റർ നടത്തിയ പുനരവലോകനം സൂചിപ്പിക്കുന്നത്. 2000മാണ്ട് മുതൽ നാളികേര വിലയിൽ തുടർച്ചയായ ഇടിവ്, ഉയർന്ന കൂലിച്ചെലവ്, തൊഴിലാളികളുടെ ക്ഷാമം, രോഗ–കീട ബാധകൾ എന്നീ ഘടകങ്ങൾ, നാളികേര മേഖലയെ തളർത്തിയ ഘടകങ്ങളാണു. തന്മൂലം 2000–01ൽ 9.79 ലക്ഷം ഹെക്റ്ററിൽ കൃഷി ചെയ്തിരുന്ന നാളികേരത്തിന്റെ വിസ്തൃതി 2009–10 ആയപ്പോൾ 7.79 ലക്ഷം ഹെക്ടറായി ചുരുങ്ങിയതായി കാണാം (അതായത്, 1.47 ലക്ഷം ഹെക്ടറിന്റെ കുറവ് – 15.87 ശതമാനം കുറവ്).

| Year | Area (in lakh ha) | Production (in million nuts) | Productivity (nuts /ha) |
|---|---|---|---|
| 2000-01 | 9.26 | 5536 | 5980 |
| 2001-02 | 9.06 | 5479 | 6049 |
| 2002-03 | 9.06 | 5709 | 6303 |
| 2003-04 | 8.98 | 5876 | 6540 |
| 2004-05 | 8.99 | 6001 | 6673 |
| 2005-06 | 8.98 | 6326 | 7046 |
| 2006-07 | 8.73 | 6054 | 6935 |
| 2007-08 | 8.19 | 5641 | 6889 |
| 2008-09 | 7.88 | 5802 | 7365 |
| 2009-10 | 7.79 | 5667 | 7278 |

നാളികേര ഉത്പാദന മേഖലയിൽ നിലവിലുള്ള പ്രവണതകൾ പരിശോധിച്ചാൽ താഴെപ്പറയുന്നവ വഹിക്കുന്ന പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു.

- ഏഷ്യ–പസഫിക് നാളികേര സമൂഹത്തിന്റെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ രണ്ടു വർഷങ്ങളായി കാലാവസ്ഥ വ്യതിയാനം നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നാണ്. പ്രത്യേകിച്ച്, അന്തരീക്ഷ താപനിലയിൽ ഉണ്ടായ വർദ്ധനവ് കേരവൃക്ഷങ്ങളെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നു എന്നും, തന്മൂലം പ്രമുഖ നാളികേര ഉത്പാദന രാജ്യങ്ങളായ ഫിലിപ്പിൻസ്, ഇന്ത്യോനേഷ്യ , ശ്രീലങ്ക എന്നിവിടങ്ങളിലെ നാളികേര ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടായതായും കണക്കാക്കപ്പെടുന്നു. നാളികേരം കയറ്റുമതി ചെയ്തിരുന്ന രാജ്യങ്ങളിൽ ശ്രീലങ്ക കഴിഞ്ഞ 15 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ ഉത്പാദനം രേഖപ്പെടുത്തുകയും,

നാളികേരത്തിന്റെ കയറ്റുമതിയും, തെങ്ങുകൾ വെട്ടിമാറ്റുന്നതിലും നിരോധനം ഏർപ്പെടുത്തുകയും, ആഭ്യന്തര വിപണിയിൽ വില പിടിച്ചു നിർത്തുവാനായി വൻ തോതിൽ നാളികേര ഇറക്കുമതിയിൽ ഏർപ്പെടുകയും ആണ്.

- ശ്രീലങ്കയിൽനിന്ന് നാളികേരത്തിന്റെ വരവ് നിലച്ചതോടെ അവിടെനിന്നും നാളികേരം ഇറക്കുമതി ചെയ്തിരുന്ന ബംഗ്ലാദേശ്, പാക്കിസ്ഥാൻ, മദ്ധ്യ-പൂർവേഷ്യൻ രാജ്യങ്ങൾ (ഗൾഫ് മേഖല) ഇന്ത്യയിലേക്ക് ശ്രദ്ധ തിരിച്ചതിന്റെ ഫലമായിട്ടാണ് സാധാരണ വില കുറഞ്ഞു നില്ക്കുന്ന കാലത്ത് നാളികേര വില ഉയർന്ന് നില്ക്കുന്നത്.

- കേരളത്തിലെ നാളികേര ഉത്പാദനം കഴിഞ്ഞ ഏതാനും കാലമായി ആഭ്യന്തര ഉപഭോഗത്തിനു മാത്രമെ തികയുന്നുള്ളൂ. ഉപഭോഗത്തിലെ വർദ്ധനവ് അനുസരിച്ച് തമിഴ് നാട്ടിൽ നിന്നുള്ള വരവാണ് ഇവിടെ വില പിടിച്ചു നിർത്തിയിരുന്നത്. എന്നാൽ, നാളികേരം, കൊപ്ര, വെളിച്ചെണ്ണ വിലയിൽ കുറവു വരാനായി കാത്തുനിന്ന വൻ കിട കമ്പനികൾ വിപണിയിലേയ്ക്ക് വീണ്ടും പ്രവേശികുന്നതോടെ തമിഴ് നാട്ടിൽ നിന്നുള്ള വരവിനു കുറവു വരും എന്നും കണക്കാക്കപ്പെടുന്നു.

- പെട്രോളിയം വിലയിൽ ഉണ്ടാവുന്ന വൻ വർദ്ധനവ് ബയോ ഡീസലിന്റെ ആവശ്യകതയിൽ വൻ വർദ്ധനവാണ് ഉണ്ടാക്കുന്നത്; പ്രത്യേകിച്ച് വ്യവസായികമായി മുന്നോക്കം നില്ക്കുന്ന രാജ്യങ്ങളിൽ വെളിച്ചെണ്ണയിൽ നിന്നുള്ള ബയോ ഡീസലിന്റെ വർദ്ധിച്ച ഉത്പാദനം നാളികേരത്തിന്റെ വർദ്ധിച്ച ഡിമാന്റിനു കാരണമാകുന്നു.

- വെളിച്ചെണ്ണയ്ക്കു വൻ ഭീഷണി ആയിരുന്ന പാമോയിലിന്റെ വില വർദ്ധനവ് നാളികേര സമ്പദ്ഘടനയ്ക്ക് അനുകൂലമായ ഘടകമാണ്. ഇന്തോനേഷ്യയിലും, മലേഷ്യയിലും ലാ നിന മൂലം ഉണ്ടായ പാം ഓയിലിന്റെ ഉത്പാദന കുറവിനെ കുറിച്ച് പരസ്പര വിരുദ്ധമായ വാർത്തകൾ പ്രചരിക്കുമ്പോൾ തന്നെ ഭക്ഷ്യ എണ്ണയുടെ ഏറ്റവും വലിയ ഉപഭോക്ത രാജ്യമായ ചൈന വൻ തോതിൽ പാം ഓയിൽ ഇറകുമതി ചെയുന്നു എന്ന വാർത്ത പാം ഓയിലിനു ശക്തി പകരുന്ന ഘടകമാണ്.

- ഉത്തരേന്ത്യയിലേക്കുള്ള കരിക്കിന്റെ ഭൂരിഭാഗവും കർണാടക, ആന്ധ്രാപ്രദേശ് വെസ്റ്റ് ബംഗാൾ, ഒറിസ്സ, എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് വ്യാപകമായി എത്തുന്നത്. കടുത്ത ഉത്തരേന്ത്യൻ വേനൽ മൂലം കരിക്കിന്റെ ഡിമാന്റ് വർദ്ധിച്ചതോടെ സമീപ കാലത്ത് ഈ സംസ്ഥാനങ്ങളിൽ നിന്നുള്ള നാളികേരത്തിന്റെ കുത്തൊഴുക്കിനു കുറവുണ്ടാകും.

ഇപ്രകാരം ഉരുത്തിരിയുന്ന സാഹചര്യങ്ങളിൽ തൃശ്ശൂർ വിപണിയിലെ പൊതിച്ച നാളികേരത്തിന്റെ കഴിഞ്ഞ 12 വർഷത്തെ വില അവലോകനവും കണക്കിലെടുത്ത്, നാളികേരത്തിന്റെ വില ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കുറയുവാനുള്ള സാഹചര്യം വിരളമാണെന്നും, ആവശ്യകതയുടെയും ലഭ്യതയുടെയും വർദ്ധിച്ചുവരുന്ന അന്തരം കണക്കിലെടുത്താൽ വില കിലോഗ്രാമിനു 21-24 രൂപ നിരക്കിൽ എത്തുവനുള്ള എല്ലാ സാദ്ധ്യതയും ഉണ്ടെന്ന് കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ അറിയിക്കുന്നു. കഴിഞ്ഞ വർഷം ഇതേ സമയം കിലോഗ്രാമിനു 9 മുതൽ 11 രൂപ വരെ ആയിരുന്നു വില.

Dr. K. Satheesh Babu, Professor & CCPI
Swapna Surendran, Senior Research Fellow
For more details, visit www.amickau.nic.in, or www.kau.edu or www.kauhort.in or Mail to: amickau@gmail.com or call at: 8129628797.